**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6379** **10-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി മേഖലയുടേയും മത്സ്യവിപണന മേഖലയുടെയും ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ മത്സ്യത്തൊഴിലാളി മേഖലയുടേയും മത്സ്യവിപണന മേഖലയുടെയും ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണവും കാര്യക്ഷമമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും വേണ്ടി 2021 ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിൽ ആണ്. ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ഹാർബറിന്റെ ശരിയായ നടത്തിപ്പിനും പരിപാലനത്തിനുമായി ജില്ലാകളക്ടർ ചെയർമാനും, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായി ഹാർബർ മാനേജ്മെന്റ് സൊസൈറ്റി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് സംസ്ഥാനതല മൽസ്യഗുണനിലവാര പരിപാലന കമ്മറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br><br>മത്സ്യം സുലഭമായ കാലങ്ങളിൽ ശേഖരിച്ച് കോൾഡ് സ്റ്റോറേജുകളിൽ സംഭരിച്ച് മത്സ്യത്തിന്റെ അടിസ്ഥാനവില നിലനിർത്തുന്നതിന് കോൾഡ് സ്റ്റോറേജ് പ്രവർത്തിക്കുന്നതിന് അനുമതിപത്രം ലഭ്യമാക്കണമെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിന് സാധിക്കുന്നതാണ്. ഇത് മത്സ്യലേലത്തിലും വിൽപ്പനയിലും ഉണ്ടാകാൻ ഇടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിക്കുന്നതിനും മത്സ്യത്തിന്റെ അടിസ്ഥാനവില കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതിനും സാധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി മത്സ്യം സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തിച്ച് നൽകുന്നതിന് |

| | | | |
|---|---|---|---|
| | | | മത്സ്യഫെഡിന്റെ നേതൃത്വത്തിൽ ഫിഷ് മാർട്ടുകളും, അന്തിപ്പച്ച യൂണിറ്റുകളും നടത്തിവരുന്നു.<br><br>ആരോഗ്യപരമായ ചുറ്റുപാടിൽ ഗുണമേന്മയുള്ള മത്സ്യം വിപണനം ചെയ്യുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി മത്സ്യമാർക്കറ്റുകളുടെ നിർമ്മാണവും നവീകരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. സംസ്ഥാന ബഡ്ജറ്റ് വിഹിതം, നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യ വികസന പദ്ധതി, ബ്ലൂ റെവല്യൂഷൻ, കിഫ്ബി പദ്ധതി, പി.എം.എം.എസ്.വൈ. പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 56 മൽസ്യമാർക്കറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. |
| (ബി) | 2022-23, 2023-24 കാലയളവിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | 2022-23, 2023-24 കാലയളവിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1.മത്സ്യ തൊഴിലാളി അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.<br><br>2. വാർദ്ധക്യകാല പെൻഷൻ.<br><br>3. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി.<br><br>4. തണൽ പദ്ധതി.<br><br>5. സാന്ത്വനതീരം.<br><br>6. സമ്പാദ്യ സമാശ്വാസ പദ്ധതി.<br><br>7. കൃത്രിമപാര് യൂണിറ്റ്.<br><br>8. ആഴക്കടൽ മത്സ്യബന്ധനം.<br><br>9. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ്.<br><br>10. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.<br><br>11. ഇൻസുലേറ്റഡ് ഐസ് ബോക്സുകൾ നൽകുന്ന പദ്ധതി.<br><br>12. പുനർഗേഹം പദ്ധതി.<br><br>13. മത്സ്യത്തൊഴിലാളി വനിതാ ശാക്തീകരണ പദ്ധതി.<br><br>14. പലിശ രഹിത വായ്പ്പാപദ്ധതി.<br><br>15. സമുദ്ര പദ്ധതി.<br><br>16. മത്സ്യ കിയോസ്ക്ക്. |

<table>
<tr><td></td><td></td><td></td><td>17. കൂട് മത്സ്യകൃഷി.<br><br>18. മത്സ്യ വിപണനത്തിന് ധനസഹായം.<br><br>19. മാർക്കറ്റ് നവീകരണം.<br><br>20. മോഡൽ ഫിഷിംഗ് വില്ലേജ്.<br><br>21. മത്സ്യകൃഷി വ്യാപനപദ്ധതികൾ.<br><br>22. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി.</td></tr>
<tr><td>(സി)</td><td>മത്സ്യത്തൊഴിലാളി മേഖലയിൽ സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ എത്ര എന്നും അവർക്ക് വീട് വച്ച് നൽകുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?</td><td>(സി)</td><td>മത്സ്യത്തൊഴിലാളി മേഖലയിൽ സ്വന്തമായി വീടില്ലാത്ത 29885 കുടുംബങ്ങൾ നിലവിലുണ്ട്. ഇതിൽ 23349 കുടുംബങ്ങൾ ലൈഫ് മിഷൻ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി മാത്രമാണ് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. വകുപ്പ് വഴി മറ്റു ഭവന നിർമ്മാണ പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നില്ല.<br><br>ലൈഫ് മിഷൻ, പുനർഗേഹം പദ്ധതികൾ വഴി അനുവദിച്ച ആനുകൂല്യത്തെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><td colspan="2"><u>2016-2021</u></td></tr>
<tr><td>ഫിഷറീസ് വകുപ്പ് വഴി ധനസഹായം അനുവദിച്ച വീടുകൾ</td><td>4295</td></tr>
<tr><td>പുനർഗേഹം പദ്ധതി വഴി അനുവദിച്ച വീടുകൾ</td><td>172</td></tr>
<tr><td>ഫ്ലാറ്റിൽ പുനരധിവസിപ്പിച്ചവരുടെ എണ്ണം</td><td>192</td></tr>
<tr><td>ലൈഫ് പദ്ധതി വഴി വിതരണം ചെയ്ത വീടുകൾ</td><td>396</td></tr>
<tr><td>ആകെ</td><td>5055</td></tr>
<tr><td colspan="2"><u>2021-2023</u></td></tr>
<tr><td>ഫിഷറീസ് വകുപ്പ് വഴി ധനസഹായം അനുവദിച്ച വീടുകൾ</td><td>411</td></tr>
<tr><td>പുനർഗേഹം പദ്ധതി വഴി അനുവദിച്ച വീടുകൾ</td><td>2064</td></tr>
<tr><td>ഫ്ലാറ്റിൽ പുനരധിവസിപ്പിച്ചവരുടെ എണ്ണം</td><td>390</td></tr>
</table></td></tr>
</table>

| | |
|---|---|
| ലൈഫ് പദ്ധതി വഴി വിതരണം ചെയ്ത വീടുകൾ | 12327 |
| **ആകെ** | **15192** |

2016-17 മുതൽ 2023 വരെ ആകെ അനുവദിച്ച വീടുകൾ - 20247

ലൈഫ് പദ്ധതി വഴി ആകെ അനുവദിച്ച വീടുകൾ -12723

ലൈഫ് ഭവന പദ്ധതി വഴി ഭൂരഹിത ഭവനരഹിത പദ്ധതിയിൽ ആനുകൂല്യം ലഭിച്ച് താമസം തുടങ്ങിയവർ - 266

ലൈഫ് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉള്ളവർ -1158

ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതിയിൽ ആനുകൂല്യം ലഭിച്ച് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉള്ളവർ - 85

പുനർഗേഹം പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉള്ളവർ -763

നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉള്ളവരുടെ ആകെ ഭവനങ്ങൾ -2006

സെക്ഷൻ ഓഫീസർ